4

# പരിശുദ്ധാത്മാവ് പരിവർത്തനത്തിൽ

*“ജീവിപ്പിക്കുന്നത് ആത്മാവ് ആകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു” (യോഹന്നാൻ 6:63).*

ക്രിസ്തീയവിശ്വാസം സ്വീകരിച്ചിരിക്കുന്ന മിക്കവാറും എല്ലാവരും വിശ്വസിക്കുന്നത് പരിവർത്തനത്തിൽ പരിശുദ്ധാത്മാവ് താഴെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു രീതിയിൽ പ്രവർത്തിക്കുമെന്നാണ്: (1) നഷ്ടപ്പെട്ട ആളുടെ ഹൃദയത്തിൽ നേരിട്ട് പ്രവർത്തിക്കുന്നതിലൂടെ, (2) വചനം വായിക്കുന്നതിൽകൂടെയോ അല്ലെങ്കിൽ വചനം പ്രസംഗിക്കുന്നതു കേൾക്കുന്നതിൽകൂടെയോ, അല്ലെങ്കിൽ (3) പരോക്ഷമായി വചനം മുഖാന്തരം. വൈകാരിക അനുഭവങ്ങളിലല്ല, മറിച്ച് വെളിപ്പെടുത്തിയ ദൈവവചനത്തിലാണ്.

**“വെള്ളത്താലും ആത്മാവിനാലും ജനിക്കുക” (യോഹന്നാൻ 3:5)**

ബൈബിൾ വായിക്കുന്ന എല്ലാവരും യേശു നിക്കൊദേമൊസിനോടു പറഞ്ഞ ഈ പ്രസ്താവന കണ്ടെത്തും: “ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല” (യോഹന്നാൻ 3:5). പ്രൊട്ടസ്റ്റന്റ് വിഭാഗം ഈ വേദഭാഗത്തിൽനിന്ന് വിശ്വസിക്കുന്നത്, പുതിയജനനത്തിന് പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള പ്രവർത്തനം ആവശ്യമാണെന്നാണ്.

പരിവർത്തനത്തിൽ പരിശുദ്ധാത്മാവ് എങ്ങനെയാണ് “വീണ്ടും ജനനത്തിൽ” പ്രവർത്തിക്കുന്നതെന്ന് യേശു വ്യക്തമാക്കിയിട്ടില്ല, എന്നാൽ അവനും ഉൾപ്പെടുന്നു എന്നു മാത്രമെ പറഞ്ഞിട്ടുള്ളു. പരിശുദ്ധാത്മാവ് എങ്ങനെ വീണ്ടും ജനനം കൊണ്ടുവരുന്നു എന്ന് ഒരാൾ മനസിലാക്കുവാൻ പുതിയനിയമത്തിലെ മറ്റു ഉപദേശങ്ങളും നോക്കണം.

യോഹന്നാൻ 3:5 ലെ “ആത്മാവ്” എന്ന് പറഞ്ഞിരിക്കുന്നതു പരിശുദ്ധാത്മാവ് ആണെന്ന് മിക്ക മതസംഘടനകളും പഠിപ്പിക്കുന്നു, എന്നാൽ അവർ “വെള്ളം” എന്നതിനെ വിവിധ രീതികളിൽ തെറ്റായി വ്യാഖ്യാനിക്കുന്നുണ്ട്.

*“വെള്ളം” എന്നതിനെ അവർ വചനമായി കണ്ടു.* യോഹന്നാൻ 3:5 ലെ “വെള്ളം” വചനം ആണെന്ന് ചിലർ വിശ്വസിക്കുന്നു. “സ്നാനത്തെ കുറിച്ചു പ്രതിപാദിക്കുന്ന ഭാഗങ്ങളിൽ പറയുന്ന വെള്ളത്തെ ‘വെള്ളം’ ആയി കാണുവാൻ തുറന്നുകാണിക്കുന്ന ചിലർക്ക് കഴിയുന്നില്ല, കർത്താവ് അവിടെ പറയുന്നത്, വചനത്തിന്റെ ശുദ്ധീകരണ ശക്തിയാണ് എന്നാണ് അവർകരുതുന്നത്. [അവർ അങ്ങനെ ചിന്തിക്കുന്നത് എഫെസ്യർ 5:26 ആസ്പദമാക്കിയാണ്].”[1] ഉദാഹരണത്തിന്, ഒരു എഴുത്തുകാരൻ പറഞ്ഞു, “അവൻ നിക്കൊദേമോസിനോട് വെള്ളത്തെ കുറിച്ചു പറഞ്ഞപ്പോൾ, അവൻ അർത്ഥമാക്കിയത് ദൈവവചനമാണ്. ശുദ്ധീകരിക്കുവാനുള്ള ദൈവവചനത്തിന്റെ ശക്തി നിമിത്തമാണ് അതുപോലെയുള്ളത് ഉപയോഗിച്ചിരിക്കുന്നത് (സങ്കീർത്തനങ്ങൾ 119:9; യോഹന്നാൻ 15:3; എഫെസ്യർ 5:26).”[2]

യേശു ‘‘വെള്ളം’’ ആലങ്കാരികമായിട്ടാണ് ഉപയോഗിച്ചതെങ്കിൽ “ആത്മാവ്” ആലങ്കാരികമായിട്ടല്ല ഉപയോഗിച്ചത് എന്ന് എങ്ങനെ പറയുവാൻ കഴിയും? യേശു ഒരു പ്രസ്താവനയിൽ വെള്ളം മാത്രം ആലങ്കാരികമായും മറ്റു വാക്കുകളെല്ലാം അക്ഷരികമായും ഉപയോഗിക്കുവാൻ കാരണം എന്താണ്? മറ്റു വാക്കുകളായ “ആത്മാവ്,” “പ്രവേശിക്കുക,” “ദൈവരാജ്യം” എന്നിവ - അക്ഷരികമാണെങ്കിൽ “വെള്ളം” മാത്രം എങ്ങനെ വെള്ളമല്ലാതാകും?

പലപ്പോഴും-ഉദ്ധരിച്ചിട്ടുള്ള എഫെസ്യർ 5:26 വെള്ളം വചനമാണെന്ന് പറയുന്നില്ല, മറിച്ച് അവിടെ പറയുന്നത്, സഭയെ ശുദ്ധീകരിക്കുന്നത് “വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി” എന്നാണ്. *എൻ* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് “വിത്ത്” എന്ന് തർജിമ ചെയ്തത് (മൂല വാക്കിന്റെ അർത്ഥം “ഇൽ” എന്നാണ്). വചനത്തോടുകൂടിയ ജലസ്നാനമാണ് സഭയെ ശുദ്ധീകരിക്കുന്നത്, വചനം മാത്രമായാൽ ശുദ്ധീകരണമില്ല. കൂടാതെ, ഒരാളുടെ ഹൃദയത്തിൽ വചനം കടക്കാതെ, വെള്ളവും ശുദ്ധീകരിക്കയില്ല. വെള്ളവും (മർക്കൊസ് 16:16; പ്രവൃത്തികൾ 22:16) വചനവും ചേർന്നാണ് പുതിയജനനത്തിലും രക്ഷയിലും ശുദ്ധീകരണം നടത്തുന്നത് (പ്രവൃത്തികൾ 11:14; യാക്കൊബ് 1:21).

*“വെള്ളത്തെ” ആത്മാവായി കണ്ടു*. മറ്റുള്ളവർ പറയുന്നത് “വെള്ളം” ആത്മാവിനെ പ്രതിനിധീകരിക്കുന്നു എന്നാണ്. ഗ്രീക്ക് വാക്ക് *കായി* എന്നതിന്റെ പ്രാഥമിക അർത്ഥം “ഉം” എന്നല്ല അവിടെ കൊടുക്കേണ്ടത്, പിന്നെയോ, “പോലും” എന്ന രണ്ടാമത്തേതത്രെ എന്ന് അവർ വിശ്വസിക്കുന്നു. ആതുകൊണ്ട് ആ വേദഭാഗത്തെ വായിക്കേണ്ടത്, “വെള്ളത്താലും ആത്മാവ് പോലും ജനിക്കുന്നില്ല എങ്കിൽ, ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല” എന്നായിരിക്കണം. സന്ദർഭം ആവശ്യപ്പെടുന്നില്ലെങ്കിൽ എപ്പോഴും ഉപയോഗിക്കേണ്ടത് പ്രാഥമിക അർത്ഥം തന്നെയാണ്. “ഉം” എന്നതിനു പകരം “പോലും” എന്ന് ഉപയോഗിക്കണമെന്ന് സന്ദർഭം സൂചിപ്പിക്കുന്നില്ല. വെള്ളം സ്നാനത്തെ സൂചിപ്പിക്കുന്നത് ഒഴിവാക്കുവാൻ മാത്രമാണ് അവർ “വെള്ളം” “ആത്മാവാണ്” എന്നു പറയുന്നത്

മറ്റൊരു വിവേചനം യോഹന്നാൻ 7:38, 39 ആസ്പദമാക്കിയുള്ളതാണ്: ‘‘‘എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരവെഴുത്ത് പറയുന്നതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും’ എന്നു വിളിച്ചു പറഞ്ഞു, ഇതു അവൻ തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെ കുറിച്ചായിരുന്നു പറഞ്ഞത്; ...’’ ഈ സന്ദർഭത്തിൽ യേശു ‘‘വെള്ളത്തെ’’ ആലങ്കാരികമായിട്ടാണ് ഉപയോഗിച്ചത്. എങ്ങനെയായാലും, ഇവിടെ ‘‘വെള്ളത്തെ’’ ആലങ്കാരികമായി ഉപയോഗിച്ചതുകൊണ്ട് യോഹന്നാൻ 3:5-ൽ ‘‘വെള്ളം’’ എന്ന് ഉപയോഗിച്ചത് ആലങ്കാരികമായിട്ടാണ് എന്നതിന് തെളിവില്ല. യോഹന്നാൻ 7-ൽ യേശു പുതിയജനനത്തെ കുറിച്ചല്ല സംസാരിക്കുന്നത്, പിന്നെയോ അവനിൽ ‘‘വിശ്വസിക്കയും’’ അനുസരിക്കയും ചെയ്യുന്നവർക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവെന്ന ദാനത്തെ കുറിച്ചാണ് അവിടെ സംസാരിക്കുന്നത് (പ്രവൃത്തികൾ 5:32).

*‘‘വെള്ളത്തെ’’ ഭൗതിക ജനനമായി കണ്ടു*. യേശു പറഞ്ഞതു ഭൗതിക ജനനമാണെന്ന് വിശ്വസിക്കുന്നവർ അവിടെ പറയുന്ന ‘‘വെള്ളം’’ ജനനത്തിൽ ഭ്രൂണത്തോടുകൂടെ വരുന്ന ദ്രാവകമാണെന്നാണ് പറയുന്നത്. യോഹ

ന്നാൻ 3:6 ലെ യേശുവിന്റെ പ്രസ്താവനയിന്മേലാണ് അവർ പിടിച്ചുതൂങ്ങുന്നത്: ''ജഡത്താൽ ജനിച്ചത് ജഡവും, ആത്മാവിനാൽ ജനിച്ചത് ആത്മാവുമാകുന്നു.'' റോബർട്ട് ഹാർവേ സ്ട്രാഖാൻ പറഞ്ഞു, ''ഭൗതികജനനത്തിന്റെ അടയാളമായും വെള്ളത്തെ പറയാം ... പിന്നീടുള്ള യെഹൂദചിന്തയിൽ, 'വെള്ളത്തെ' ഗർഭപാത്രത്തിലെ ഉല്പാദനമൂലകമായി കരുതപ്പെടുന്നു (2 എസ്ദ്രാസ് vii.8).''[3]

ഈ തീർപ്പിലുള്ള പ്രശ്നം എന്തെന്നാൽ യേശു ഇവിടെ രണ്ടു ജനനത്തെ കുറിച്ചല്ല സംസാരിക്കുന്നത് എന്നതാണ്. അവൻ സംസാരിക്കുന്നത് ഒരേ ഒരു ജനനത്തെയാണ്, വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനമാണ് അത്. ആ വാക്യത്തെ കുറിച്ച് ഫ്രെഡറിക് ഡെയിൽ ബ്രൂണർ ഇങ്ങനെ പറഞ്ഞു,

> യോഹന്നാൻ ഇവിടെ "ആത്മാവിന്" മുൻപ് രണ്ടാമത് "ഓഫ്" (ഗ്രീക്ക്: *എക്സ്*) ഉപയോഗിക്കുന്നില്ല, രണ്ടു ജനനത്തെയാണ് പറഞ്ഞിരുന്നതെങ്കിൽ തീർച്ചയായും രണ്ടുപ്രാവശ്യം ഉപയോഗിക്കുമായിരുന്നു. ഒറ്റ *എക്സ്* സൂചിപ്പിക്കുന്നത് ഒറ്റ സംഭവത്തെയാണ്. ഏകവചനം പൂർണ്ണമായും അയോറിസ്റ്റ് സബ്ജക്റ്റിവ് പാസിവ് ജെനെറ്റേ ആണ്, അത് അക്ഷരികമായി പറയുന്നത്, "ഒരിക്കൽ വെള്ളത്താലും" ആത്മാവിനാലും ജനിക്കുന്നതിനെയാണ്.[4]

"ആർട്ടിക്കിൾ കൂടാതെ ... രണ്ടു നാമങ്ങൾ കായി എന്നതിനോട് പ്രിപൊസിഷന്റെ ഓബജക്ട് ആയിട്ടാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് ഹോമർ കെന്റ് ജൂനിയറും മറ്റു പണ്ഡിതന്മാരും സമ്മതിക്കുന്നുണ്ട്, അതുകൊണ്ട് അത് രണ്ട് ആശയങ്ങളെയല്ല ഒരേഒരു ആശയത്തെയാണ് പറയുന്നത്."[5]

വെള്ളത്താൽ ഒരു ജനനവും ആത്മാവിനാൽ വേറൊരു ജനനവുമായിട്ടല്ല യേശു പറഞ്ഞത്, വെള്ളത്താലും, ആത്മാവിനാലും ഉള്ള ഒരു ജനനത്തെ കുറിച്ചാണ് അവൻ പറഞ്ഞത്.

*"വെള്ളത്തെ" ഒരു അടയാളമായി മാത്രം കണ്ടു.* മറ്റുള്ളവർ പറയുന്നത് യേശു ജലസ്നാനത്തെ ഒരു അടയാളമായിട്ടാണ് പറഞ്ഞത് എന്നാണ്. യേശു നിക്കൊദേമൊസിനോട് പറഞ്ഞ പ്രസ്താവനയിൽ രക്ഷക്കോ സ്വർഗത്തിലേക്കു പോകുവാനോ സ്നാനം ആവശ്യമില്ല എന്നാണ് അവർ വിശ്വസിക്കുന്നത്. വില്യം ഹെൻഡ്രിക്സൺ എഴുതി, "അതുകൊണ്ട് വ്യക്തമായ അർത്ഥം ഇതാണ്: ജലത്തിലുള്ള സ്നാനം മാത്രം പോരാ. തീർച്ചയായും അടയാളം, വിലയുള്ളതാണ്, അത് ഒരു മുദ്രയുമാണ്. എന്നാൽ അടയാളത്തോടുകൂടെ ദ്യോതിപ്പിക്കുന്ന കാര്യങ്ങൾ കൂടെ വേണം: പരിശുദ്ധാത്മാവിന്റെ ശുദ്ധീകരണ പ്രവർത്തി."[6]

ഈ തീർപ്പിന്റെ പ്രശ്നം എന്തെന്നാൽ, യേശു പറഞ്ഞത് ആത്മാവിനാലുള്ള ജനനം മാത്രമല്ല, ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് "വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം" ആവശ്യമാണ്. അടയാളമായാലും മുദ്രയായാലും രാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള ജനനത്തിൽ വെള്ളവും ഉൾപ്പെട്ടിരിക്കുന്നു എന്നാണ് യേശു പറഞ്ഞത്. അതുകൊണ്ട്, "വെള്ളത്താലും ആത്മാവിനാലും" ജനിക്കാത്തവർ ദൈവരാജ്യത്തിൽ പ്രവേശിച്ചിട്ടില്ല.[7]

## പുതിയ ജനനം (1 പത്രൊസ് 1:23)

സ്നാനത്തിൽ "വെള്ളം" ഉപയോഗിച്ചുകൊണ്ട് പുതിയജനനം സംഭവിക്കുമ്പോൾ, ആ ജനനത്തിൽ ആത്മാവ് എങ്ങനെ ഉൾപ്പെട്ടിരിക്കുന്നു? ഒരു അമ്മയുടെ ശരീരത്തിൽ നിന്നു വരുന്നതാണ് ഭൗതികജനനം. ആ ജനനം സാധ്യമായത് അപ്പന്റെ ബീജം കൊണ്ടുകൂടെയാണ്. ബീജത്തിൽ ജീവനുണ്ട്.

ആത്മിയജനനത്തിലും അതു വാസ്തവമാണ്. "കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രൊസ് 1:23). പുതിയജനനത്തിലെ ജീവന്റെ ഉറവിടം, വിത്ത് ആകുന്ന, ദൈവവചനമാണ്. യേശു പറഞ്ഞു, "ജീവിപ്പിക്കുന്നത് ആത്മാവാകുന്നു, ജഡം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ തന്നെ ആത്മാവും ജീവനും ആകുന്നു" (യോഹന്നാൻ 6:63). ആത്മാവ് വചനം മുഖാന്തരം ജീവൻ നല്കി പുതിയ ജനനത്തിലേക്കു നയിക്കുന്നു. വിത്തിൽ ജീവനുള്ളതുപോലെ, വചനത്തിൽ ജീവനുണ്ട്, ആത്മാവെന്ന ഏജന്റിൽ കൂടെയാണ് വചനം വെളിപ്പെടുത്തിയത്. വിത്തിന് പുതിയ ജീവിതത്തിലേക്ക് വരുവാൻ വെള്ളം ആവശ്യമായതുപോലെ, ഒരാൾ പുതിയ ആത്മിയ ജീവിതത്തിലേക്ക് വരുവാൻ ദൈവം വെള്ളം ആവശ്യപ്പെട്ടിരിക്കുന്നു.

രാജ്യത്തിന്റെ വിത്ത് മുഖാന്തരം, നാം ആത്മിയ ചെടികളെ പോലെ ജീവിതത്തിലേക്ക് വന്നിരിക്കുന്നു (മത്തായി 13:19–23). ദൈവവചനമെന്ന വിത്തിൽനിന്നാണ് നമുക്ക് ആത്മിയ ജീവൻ ലഭിക്കുന്നത് (ലൂക്കൊസ് 8:11). ആത്മാവില്ലെങ്കിൽ വചനമില്ല; വചനം ഇല്ലെങ്കിൽ ജനനമോ ജീവനോ ഇല്ല; ജനനമോ ജീവനോ ഇല്ലെങ്കിൽ, ആർക്കും രാജ്യത്തിൽ അംഗമാകുവാനും സാധ്യമല്ല.

പരിശുദ്ധാത്മാവ് നേരിട്ടു പ്രവർത്തിക്കുന്നതുകൊണ്ടാണ് പുതിയ ജനനം ഉണ്ടാകുന്നതെന്ന് പറയുന്ന ഒരു ഉദാഹരണമോ വേദഭാഗമോ പുതിയനിയമത്തിലില്ല. വിത്തിന്റെ ഉറവിടമാണ് ആത്മാവ്, വചനമാണ് ജീവൻ പുറപ്പെടുവിക്കുന്നത്.

യെരുശലേമിൽ വെച്ച് (പ്രവൃത്തികൾ 2:5) പെന്തെകൊസ്തുനാളിൽ, ആദ്യമായി യേശുവിന്റെ നാമത്തിൽ പാപമോചനം പ്രസംഗിക്കപ്പെട്ടു (ലൂക്കൊസ് 24:47). വലിയോരു പുരുഷാരം ഒത്തുകൂടിയിരുന്നു (പ്രവൃത്തികൾ 2:6). ആത്മാവ് വന്നശേഷം (പ്രവൃത്തികൾ 2:4), പത്രൊസ്, തന്റെ "വാക്കുകൾ" ശ്രദ്ധിക്കുവാൻ ആവശ്യപ്പെട്ടു (പ്രവൃത്തികൾ 2:14, 22). അവരുടെ "വാക്കുകൾ" കേട്ടപ്പോൾ അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടു (പ്രവൃത്തികൾ 2:37). "പിന്നെ അവരുടെ വാക്ക് കൊക്കൊണ്ടവർ സ്നാനമേറ്റു" (പ്രവൃത്തികൾ 2:41). ആളുകൾ എങ്ങനെയാണ് വീണ്ടും ജനിക്കുന്നതെന്ന ഒരു മാതൃകയും വിവരണവും നാം കാണുന്നു. യേശു വാഗ്ദാനം ചെയ്തതുപോലെ പത്രൊസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി, ആത്മാവിനാൽ സത്യത്തിലേക്ക് നയിക്കപ്പെട്ടു (യോഹന്നാൻ 14:16, 17; 16:13).

പത്രൊസിന്റെ വാക്കുകൾ യെഹൂദന്മാർ യേശുവിൽ വിശ്വസിക്കുവാൻ പ്രേരിപ്പിക്കപ്പെട്ടു (പ്രവൃത്തികൾ 2:37; യോഹന്നാൻ 17:20; പ്രവൃത്തികൾ 17:11, 12; റോമർ 10:17) കൂടാതെ അവൻ മശിഹ ആണെന്ന് വിശ്വസിച്ച് സ്നാനമേൽക്കുവാൻ ഉത്തേജിക്കപ്പെട്ടു (പ്രവൃത്തികൾ 2:36–38, 41). ഈ രീതിയിൽ അവർ വെള്ളത്താലും ആത്മാവിനാലും ജനിച്ചു. പിന്നെ അവർക്ക് പരിശു

ദ്ധാത്മാവ് എന്ന ദാനം ലഭിച്ചു (പ്രവൃത്തികൾ 2:38), മക്കളായി തീരുന്ന വർക്കാണ് പരിശുദ്ധാത്മാവ് ലഭിക്കുന്നത് (ഗലാത്യർ 4:6).

അതു വാസ്തവമാണെന്ന് പൗലൊസ് കൊലൊസ്യർക്ക് എഴുതിയ ലേഖ നത്തിൽനിന്നും അനുമാനിക്കാം. സ്നാനത്തിന് മുൻപ് ഒരാൾ പാപത്തിൽ മരിക്കുന്നു എന്ന് അവൻ അവിടെ പറയുന്നു. എങ്ങനെയായാലും, യേശു വിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചവനിലുള്ള - വിശ്വാസം നിമിത്തം - യേശുവിനോടുകൂടെ ഉയർത്തെഴുന്നേൽക്കേണ്ടതിന്ന് സ്നാനത്തിൽ അട ക്കപ്പെടുന്നു യേശുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ച അതേ ശക്തി പാപ ത്തിൽ മരിച്ചു യേശുവിൽ പുതിയ ജീവൻ നൽകേണ്ടതിന്ന് പ്രവർത്തിക്കു മെന്ന് വിശ്വസിക്കുന്നു (കൊലൊസ്യർ 2:12, 13).

> ദൈവത്തിന്റെ ശക്തമായ പ്രവർത്തനം മുൻപ് ക്രിസ്തുവിനെ ഉയർപ്പിച്ച് പ്രദർശിപ്പിച്ചത് വിശ്വാസികൾക്ക് ധൈര്യവും ഉത്തേജനവും നൽകി. പിന്നെ വാദം വരുന്നത് താഴെ കൊടുത്തിരിക്കുന്നതാണ്: ക്രിസ്തുവിന്റെ ഉയർത്തെ ഴുന്നേല്പ് അവർ അംഗീകരിച്ചു. അത് ദൈവശക്തിയുടെ പ്രദർശനമായി രുന്നു, ആ ശക്തിയിൽ ആശ്രയിച്ച്കൊണ്ട് അവർക്ക് ക്രിസ്തുവിനോടൊപ്പം ഒരു ആത്മിയ ഉയർപ്പ് ഉണ്ടെന്ന് അറിഞ്ഞു.[8]

വചനം മുഖാന്തരമാണ് ദൈവത്തിന്റെ ആ പ്രവൃത്തിയിൽ വിശ്വാസം വരുന്നത് (റോമർ 10:17).

ആത്മാവിനാൽ ഏല്പിച്ചു തന്ന വചനത്തിന്റെ ശക്തിയാൽ, വിശ്വാസം ജനിച്ചതുകൊണ്ടാണ് ഈ രീതിയിലുള്ള പുതിയജനനം സംഭവിക്കുന്നത്. സ്നാനപ്രവൃത്തിയിൽ വിശ്വാസം പ്രകടമാക്കുന്നു, അത് ഒരാളെ സ്നാന ത്തിൽ യേശുവിനോടുകൂടെ അടക്കപ്പെടുകയും ഉയിർക്കപ്പെടുകയും മാത്ര മല്ല, അയാൾക്ക് ദൈവശക്തിയിലുള്ള വിശ്വാസം അറിയപ്പെടുകയും ചെയ്യും. യേശുവിനെ ഉയർപ്പിച്ച അതേ ശക്തി അയാളുടെ ജീവിതത്തെ മാറ്റുകയും, നിർജീവമായ അവസ്ഥയിൽനിന്ന് ആത്മിയമായ അവസ്ഥയിലേക്ക് കൊണ്ടു വരികയും ചെയ്യുന്നു. അതുകൊണ്ട് പുതിയ ജീവിതത്തിലേക്ക് പ്രവേശി ക്കുന്നതിനുള്ള വെള്ളത്തെയും ആത്മാവിനെയും വേർപിരിക്കാനാവില്ല.

## ഒരു പുതിയ സൃഷ്ടി
## (2 കൊരിന്ത്യർ 5:17)

ക്രിസ്തുവിലാകുന്ന വ്യക്തി പുതിയ സൃഷ്ടി ആകുന്നു, അയാൾ വീണ്ടും ജനിച്ചിരിക്കുന്നു (2 കൊരിന്ത്യർ 5:17). ഒരാൾ സ്നാനപ്പെടുന്നതിന്റെ ഫലമാണ് "ക്രിസ്തുവിൽ" ആകുന്നത് (റോമർ 6:3; ഗലാത്യർ 3:27), ഒരാൾ സത്യം അനുസരിക്കുമ്പോഴാണ് അത് സംഭവിക്കുന്നത് (1 പത്രൊസ് 1:22), സത്യം കേൾക്കുന്നതു മൂലമാണ് അനുസരണം ഉണ്ടാകുന്നത്, നമ്മുടെ രക്ഷ ക്കുള്ള സുവിശേഷമാണ് ആ സത്യം (എഫെസ്യർ 1:13), അതാണ് ദൈവവ ചനം (യാക്കൊബ് 1:18; 1 പത്രൊസ് 1:23).

എച്ച്. ലിയോ ബോൾസ് പറഞ്ഞു,

> "പാപിയുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് നേരിട്ട് പ്രവർത്തിക്കുന്നതായി പുതിയ നിയമം പഠിപ്പിക്കുന്നില്ല; ... സത്യം കേൾക്കാതെയോ, ക്രിസ്തു

വിൽ വിശ്വസിക്കാതെയോ, പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടാതെയോ, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കാതെയോ പരിവർത്തനം ചെയ്ത ഒരൊറ്റ സംഭവം പോലും പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല."[9]

രക്ഷക്കുള്ള മാതൃക പെന്തെകൊസ്തുനാളിൽ പത്രൊസ് മുഖാന്തരം നൽകുകയുണ്ടായി. അവൻ പ്രസംഗിച്ച വാക്കുകൾ (പ്രവൃത്തികൾ 2:14, 22, 40) കേട്ടവരുടെ ഹൃദയങ്ങളെ സ്പർശിച്ചു (പ്രവൃത്തികൾ 2:37). അവർ സത്യത്തെ സ്വീകരിച്ചതിന്റെ ഫലമായി സ്നാനം ഏറ്റു (പ്രവൃത്തികൾ 2:41). തുടർന്നുള്ള പരിശീലനം പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നതെല്ലാം ഈ മാതൃകക്കു ശേഷമാണ്. കർത്താവിന്റെ വചനം പ്രസംഗിക്കപ്പെട്ടു.[10] ആളുകൾ വചനം കേൾക്കുകയും, കൈക്കൊള്ളുകയും (വിശ്വസിക്കയും) ചെയ്തു (പ്രവൃത്തികൾ 2:41; 4:4; 8:12, 14; 11:1; 17:11, 12). വചനം കൈക്കൊണ്ടവർ സ്നാനം ഏറ്റു (പ്രവൃത്തികൾ 2:41; 8:12, 35–39; 16:14, 15, 33; 18:8; 19:5).

ആളുകൾ പ്രതികരിച്ചത് പൗലൊസ് ചുരുക്കി എഫെസ്യർ 1:13-ൽ പറഞ്ഞിട്ടുണ്ട്: "അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെ കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം - നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ട്, വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിടുകയും ചെയ്തിരിക്കുന്നു." സുവിശേഷം കേട്ട് വിശ്വാസത്തിലേക്ക് വരുന്നതുകൊണ്ടാണ് പരിശുദ്ധാത്മാവിനാൽ മുദ്രയിടുന്നത് എന്ന് ശ്രദ്ധിക്കുക. ആത്മാവ് ഒരിക്കലും ആളുകളുടെ ഹൃദയത്തിലേക്ക് നേരെ വിശ്വാസം ഇടുന്നില്ല. മറിച്ച് അവർ സുവിശേഷം കേട്ടതുകൊണ്ടാണ് അവരിൽ വിശ്വാസം ഉണ്ടായത് (കൂടാതെ യോഹന്നാൻ 17:20; പ്രവൃത്തികൾ 17:11; റോമർ 10:17 നോക്കുക), അത് ദൈവവചനമായി അവർ അംഗീകരിക്കയും ചെയ്തു (1 തെസലൊനിക്യർ 2:13). ആ ദൈവവചനം അവരുടെ ജീവിതത്തിൽ "ജീവിക്കയും പ്രവർത്തിക്കയും" ചെയ്തു (എബ്രായർ 4:12). വിശ്വാസികൾ വചനം കൈക്കൊണ്ടു സ്നാനമേറ്റപ്പോഴാണ് അവരെ ആത്മാവിനാൽ മുദ്രയിട്ടത് (പ്രവൃത്തികൾ 2:38; എഫെസ്യർ 1:13).

പിന്നെ, പരിശുദ്ധാത്മാവ് നമ്മെ നവീകരിച്ച് പുതുക്കത്തിൽ നടത്തുന്നു. തിത്തൊസ് 3:5 പറയുന്നു, "അവൻ [നമ്മുടെ രക്ഷിതാവായ ദൈവം] നമ്മെ രക്ഷിച്ചതു, നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണപ്രകാരമത്രെ. കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന്ന്, പുനർജ്ജനനസ്നാനം കൊണ്ടും പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ." സത്യം ഏല്പിച്ചുതന്നത് ആത്മാവാണ് (യോഹന്നാൻ 16:13) – ദൈവത്തിന്റെ ശക്തമായ വചനമാണ് സത്യം (യോഹന്നാൻ 17:17; എബ്രായർ 4:12), അതാണ് രക്ഷക്കുള്ള, ദൈവശക്തിയായ സുവിശേഷം (റോമർ 1:16). ആത്മാവിന്റെ സന്ദേശത്തോട് പ്രതികരിക്കുന്നവരാണ് വീണ്ടും ജനിക്കുന്നത് (യോഹന്നാൻ 3:5). പുനർജനനസ്നാനത്താലും പരിശുദ്ധാത്മാവിന്റെ നവീകരണത്താലും അവർ പുതുക്കം പ്രാപിച്ചവരാണ് (പ്രവൃത്തികൾ 22:16).

ഫ്രെഡറിക് ഡെയിൽ ബ്രൂണർ തിത്തൊസ് 3:4–8 ശരിയായി നിരീക്ഷിച്ചു:

> രക്ഷിക്കുന്ന സംഭവം മുഴുവനായും - ആരംഭം മുതൽ അവസാനം വരെ - ഒരു വലിയ പ്രവൃത്തിയായി കാണാം. ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചതുകൊണ്ടും നാം പുനർജനനസ്നാനത്താൽ കഴുകി പരിശുദ്ധാത്മാവിന്റെ നവീകരണത്താൽ അവന്റെ വചനത്തോട് പ്രതികരിച്ചതുകൊണ്ടുമാണ്.[11]

അതുകൊണ്ട്, പുതിയ ജനനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി നടക്കുന്നത്, പാപി, ആത്മാവ് വെളിപ്പെടുത്തിയ വചനത്തോട് പ്രതികരിച്ച് സ്നാനപ്പെടുമ്പോഴാണ് (പ്രവൃത്തികൾ 2:41).

### ഉപസംഹാരം

ജീവൻ-പുറപ്പെടുവിക്കുന്ന വിത്ത് ആയ വചനം പരിവർത്തനത്തിന് ആവശ്യമാണ്. ഒരു പാപി പരിവർത്തനം ചെയ്യുവാൻ വചനത്തിനപ്പുറമായി ആത്മാവ് പ്രവർത്തിക്കുന്ന ഉദാഹരണം ബൈബിളിൽ ഇല്ല. ദൈവത്തിന്റെ വചനമാണ് ഒരു പാപിയുടെ ഹൃദയത്തിൽ കുത്ത് കൊള്ളുന്നതും, ദൈവത്തിലേക്ക് തിരിയുമാറാക്കുന്നതും. ദൈവം, ക്രിസ്തു, പരിശുദ്ധാത്മാവ് എന്നിവർ മുഖേനയാണ് രക്ഷ വരുന്നത് - ഓരോരുത്തരും താന്താന്റെ പ്രവർത്തി ചെയ്യേണം. നമ്മിൽ വചനം മുഖാന്തരം വിശ്വാസം വരുമ്പോൾ, ദൈവത്തോടുള്ള വിഛേദിക്കപ്പെട്ടത് യഥാസ്ഥാനത്താക്കുവാൻ ശ്രമിക്കുമ്പോഴാണ്, നമുക്ക് രക്ഷ ലഭിക്കുന്നത്. നമ്മെ ഉയർപ്പിക്കുവാൻ കഴിവുള്ള ദൈവത്തിന്റെ ശക്തിയാൽ നമ്മെ രക്ഷിക്കുന്നതിന് യേശുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നാം പാപസ്വഭാവത്തെ ഉപേക്ഷിച്ച് സ്നാനത്താൽ ഒരു പുതിയ ജീവിതത്തിലേക്ക് കടക്കുന്നു. യേശുവിനെ ഉയർപ്പിച്ച അതേ ശക്തിയാൽ പുതിയ ജീവിതത്തിൽ നടക്കുവാൻ നമ്മെ പ്രചോദിപ്പിക്കുന്നു.

---

കുറിപ്പുകൾ

[1]ഏ. ജെ. മക്ലോർഡ്, ദ ന്യൂ ബൈബിൾ കമെന്ററി, എഡി., എഫ് ഡേവിഡ്സൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1954), 871. [2]ഡൊണാൾഡ് ഗ്രെ ബാൺഹൗസ്, *ദ ലവ് ലൈഫ്* (വെൻടുറാ, കാലിഫ്.: റീഗൽ ബുക്സ്, 1980), 36. [3]റോബർട്ട് ഹാർവേ സ്ട്രാഖാൻ, *ദ ഫോർത്ത് ഗോസ്പൽ* (എഡിൻബറോ: ട്രമ്പെൽ ആന്റ് സ്പിയേഴ്സ്, 1917), 94. രണ്ടാം എസ്ദ്രാസ് ഒരു അപ്പൊക്രിഫാ (ദൈവശ്വാസിയമല്ലാത്ത) പുസ്തകമാണ്, ഏതാണ്ട് ഏ. ഡി. 100-ൽ എഴുതപ്പെട്ടു. [4]ഫ്രെഡറിക്ക് ഡെയിൽ ബ്രൂണർ, *ഏ തിയോളജി ഓഫ് ദ ഹോളി സ്പിരിറ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്, മൈക്ക്: ഡബ്ലിയു എം. ബി എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1970), 257–58. [5]ഹോമർ എ. കെന്റ്, ജൂനിയർ., *എ ലൈറ്റ് ഇൻ ദ ഡാർക്ക്നെസ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1982), 59. [6]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു ജോൺ, ന്യൂടെസ്റ്റമെന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബൈക്കർ ബുക്ക് ഹൗസ്, 1972), 134. [7]ദൈവരാജ്യവും സ്വർഗരാജ്യവും രണ്ട് രാജ്യങ്ങളല്ല, ഒരു രാജ്യമാണ് (മത്തായി 4:17; മർക്കൊസ് 1:14, 15). ഈ രാജ്യമാണ് യോഹന്നാനും (മത്തായി 3:2) യേശുവും (മർക്കൊസ് 1:15), അപ്പൊസ്തലന്മാരും (മത്തായി 10:5, 7), എഴുപതു പേരും (ലൂക്കൊസ് 10:9, 11) ആസന്നമായിരിക്കുന്നു എന്ന്

പ്രസംഗിച്ചത്. അത് യേശുവിന്റെ രാജ്യമാണ്, ലോകത്തിൽനിന്ന് വിടുവിക്കുമ്പോഴാണ് ക്രിസ്ത്യാനികൾ അതിൽ പ്രവേശിക്കുന്നത് (കൊലൊസ്യർ 1:13). യേശു ഇപ്പോൾ സ്വർഗ ത്തിലും ഭൂമിയിലും വാഴുന്നു (മത്തായി 28:18; എഫെസ്യർ 1:19–23). അതിന്റെ ഭൂമിയിലെ ഭാഗമാണ് സഭ (മത്തായി 16:18. 19). യേശു തുടർച്ചയായി തന്റെ രാജ്യത്തെ കുറിച്ച് സംസാ രിച്ചു (മത്തായി 5:3, 10, 19; 6:10, 33; 7:21; 13:19, 24, 31, 44, 45, 47). ആ രാജ്യത്തിന് "നല്ല വിത്ത്" (മത്തായി 13:37) ആയ ദൈവവചനമാണുള്ളത് (ലൂക്കൊസ് 8:11), അതു യേശു ലോകത്തിൽ നടുകയും ദൈവശ്വാസിയ പുരുഷന്മാർക്ക് പരിശുദ്ധാത്മാവിനാൽ എഴു തുവാൻ നൽകുകയും ചെയ്തു. [8]ഹെർബർട്ട് എം. കാർസൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ ടു ദ കൊലൊഷ്യൻസ്* ആന്റ് ഫിലേമോൻ, *ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്റ റീസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പ നി., 1979), 67–68. [9]എച്ച്. ലിയോ ബോൾസ്, *ദ ഹോളി സ്പിരിറ്റ്* (നാഷില് ഗോസ്പെൽ അഡ്വോക്കേറ്റ് കമ്പനി., 1971), 199. [10]പ്രവൃത്തികൾ 4:31; 5:20; 8:4, 25; 11:14, 19; 13:5, 26, 46, 49; 14:25; 15:35; 16:32; 17:13; 18:11 നോക്കുക.

[11]ബ്രൂണർ, 259.